**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1051** **11-02-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ നഗരസഭ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ നഗരസഭ കുടിവെള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | പയ്യന്നൂർ നഗരസഭകുടിവെള്ള പദ്ധതിക്ക് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 23.21കോടി രൂപയുടെ ഭരണാനുമതി 2023 ൽ നൽകി. രണ്ടു പാക്കേജുകളായാണ് പദ്ധതി നടപ്പാക്കുന്നത്.<br><br>**പാക്കേജ് 1-** ൽ ഉൾപ്പെടുത്തി കിണറിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി. ഡിസൈൻ അംഗീകാരമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>**പാക്കേജ് 2** ൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിന്റെയും 7000 ഗാർഹിക കണക്ഷൻ നൽകുന്നതുമായ പ്രവൃത്തി 15 ശതമാനം പൂർത്തീകരിച്ചു. പൈപ്പ്ലൈൻ പ്രവൃത്തി പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ചപ്പാരപ്പടവ് കിണർ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | ചപ്പാരപ്പടവ് കിണർ നിർമ്മാണത്തിനാവശ്യമായ സ്ഥലം ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖേന അളന്ന് തിട്ടപ്പെടുത്തി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ ഡിസൈൻ ഡ്രോയിംഗുകൾ ബന്ധപ്പെട്ട കരാറുകാരൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ചില തിരുത്തലുകൾ ആവശ്യമായതിനാൽ തിരിച്ചയച്ചിട്ടുണ്ട്. പ്രസ്തുത ഡിസൈൻ ഡ്രോയിംഗുകൾക്ക് അംഗീകാരം ലഭിച്ചയുടനെ പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |
| (സി) | പദ്ധതി കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. നിർമ്മാണ പ്രവൃത്തിക്കാവശ്യമായ സ്ഥലം രേഖാമൂലം ലഭ്യമാക്കുന്നതിന് താമസം നേരിട്ടിരുന്നു. നിലവിൽ സ്ഥലം ലഭ്യമായ സാഹചര്യത്തിൽ പ്രവൃത്തി സമയബന്ധിത മായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ